**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**
**പ്രശാന്തി സന്ദേശം- ഉപാഖ്യാനം** 218

# മൂന്ന് വീക്ഷണങ്ങൾ

## THREE VIEWS

ഓം ശ്രീ സായി രാം.
പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

മൂന്ന് വ്യാഖ്യാനങ്ങളുണ്ട് അഥവാ ഞാൻ പറയട്ടെ, മൂന്ന് വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ട്. ഈ മൂന്ന് കാഴ്ചപ്പാടുകൾ മരണാനന്തര ജീവിതത്തെ സംബന്ധിക്കുന്നവയാണ്, അവ പരസ്പരം യോജിക്കാത്തവയുമാണ്. നമുക്ക് ഈ ഓരോ വീക്ഷണവും പഠിക്കാം. എന്താണ് ഈ മൂന്ന് വീക്ഷണങ്ങൾ പറയുന്നത്?

ആദ്യത്തെ കാഴ്ചപ്പാട് നിരീശ്വരവാദ വീക്ഷണ(atheistic viewpoint)മാണ്. രണ്ടാമത്തേത് ഉപാസന അഥവാ ഭക്തിപരമായ ആദ്ധ്യാത്മിക നിഷ്ഠയാണ്. മൂന്നാമത്തെ വീക്ഷണമെന്നത് വേദാന്തത്തിന്റേത് അഥവാ അദ്വൈത സമീപനത്തിന്റേതാകുന്നു. അതുകൊണ്ട്, മരണാനന്തര ജീവിതം ഈ മൂന്ന് വ്യത്യസ്ത കോണുകളിൽനിന്ന് വീക്ഷിക്കപ്പെടുകയാണ്: നിരീശ്വരവാദപരം, പിന്നെ ഭക്തിപരം, മൂന്നാമതായി നാം ‘വേദാന്തം’ അഥവാ ആദ്ധ്യാത്മിക സമീപനം(spiritual approach) എന്നു വിളിക്കുന്നത്.



നിരീശ്വരവാദ കാഴ്ചപ്പാട് നമുക്ക് വളരെ നന്നായി അറിവുള്ളതാണ്. അവരെല്ലാവരും വിശ്വസിക്കുന്നത് ഇപ്രകാരമാണ്: നാം ജനിക്കുന്നു, നാം ഭൂമിയിൽ ജീവിക്കുന്നു, പിന്നെ നാം മരിക്കുന്നു-നാം മായുന്നു, നാം അപ്രത്യക്ഷരാകുന്നു. അപ്പോൾ ഇതിലെന്തിരിക്കുന്നു? ഇതിൽ അസാധാരണമായി ഒന്നുമില്ല. വിശേഷമായിട്ടൊന്നുമില്ല. നാം ജനിക്കുന്നു, നാം മരിക്കുന്നു. അത്രമാത്രം.



ഇതിനർത്ഥം, ഈ ജന്മത്തിലേക്ക് നയിച്ചത് എന്താണെന്നതും ഈ ജന്മം കഴിഞ്ഞാൽ എന്തു സംഭവിക്കുമെന്നതും നിരീശ്വരവാദികളുടെ വിഷയമല്ല എന്നാണ്. അവർ ഈ രണ്ട് കാര്യങ്ങളിലാണ് വിശ്വസിക്കുന്നത്: തുടക്കവും ഒടുക്കവും, ജനനവും മരണവും, കൂടുതലായി ഒന്നുമില്ല. അതുകൊണ്ട്, നമുക്ക് അതെപ്പറ്റി ഒന്നും പറയാനില്ല, കാരണം അവരുടെ കാഴ്ചപ്പാട് വളരെ, വളരെ വ്യക്തമാണ്.




ഇനി നാം 'ഉപാസന' എന്നു നാം വിളിക്കുന്ന രണ്ടാമത്തെ പോയിന്റിലേക്കാണ് വരുന്നത്- പ്രമാണപരമായ കാഴ്ചപ്പാട് അഥവാ പാരമ്പര്യ വീക്ഷണം, സാമ്പ്രദായിക വീക്ഷണം അഥവാ യാഥാസ്ഥിതിക കാഴ്ചപ്പാട്, നിങ്ങൾക്ക് എന്തു വേണമെങ്കിലും വിളിക്കാം.

ഇതാണ് രണ്ടാമത്തെ വീക്ഷണം. ഈ വിഷയത്തെക്കുറിച്ച് എന്താണവർ പറയുന്നത്? അവരുടെ വീക്ഷണത്തിലേക്ക് നമുക്കൊന്ന് എത്തിനോക്കാം. അവർ പറയുന്നത്, നമ്മൾ ഇവിടെ ജനിച്ചിരിക്കുന്നത് നമ്മുടെ പോയകാല ജന്മത്തിന്റെയും കർമ്മത്തിന്റെയും പരിണതഫലം കൊണ്ടാണ്(as a consequence of our past life and deeds) എന്നാണ്. നാം നമ്മുടെ പൂർവജന്മത്തിന്റെയും ചെയ്തികളുടെയും പരിണതഫലമായാണ്



ജന്മമെടുത്തിരിക്കുന്നത്. അപ്പോൾ ഈ ജന്മം വെറുതെയങ്ങ് സംഭവിച്ചതല്ല. അത് കേവലം യാദൃശ്ചികമല്ല. അതിനു പുറകിൽ ഒരു ചരിത്രമുണ്ട്, ഒരു പൂർവകാല ജീവിതമുണ്ട്, അക്കാരണത്താലാണ് നമ്മൾ ഇവിടെ ജനിച്ചിരിക്കുന്നത്.

അപ്പോൾ, ജനനത്തിന് ഒരു കാരണമുണ്ട്. പൂർവജന്മ വാസനകൾ, സ്വഭാവങ്ങൾ




അഥവാ മുദ്രകൾ(past life traits, instincts or impressions) ഈ ജന്മത്തിലേക്ക് കൊണ്ടുവരപ്പെടും എന്ന് വ്യക്തമായി പറയപ്പെട്ടിരിക്കുന്നു. 'വാസനകൾ' എന്നാണവ അറിയപ്പെടുന്നത്. വാസനകളെന്നാൽ കഴിഞ്ഞ ജന്മത്തിലെ ശീലങ്ങൾ, സ്വഭാവങ്ങൾ അഥവാ മുദ്രകൾ(impressions) ഈ ജന്മത്തിലേക്ക് കൊണ്ടുവരപ്പെട്ടത് ആകുന്നു. വാസ്തവത്തിൽ, ശാസ്ത്ര ഗ്രന്ഥങ്ങൾ പറയുന്നത് വാസനകളാണ് നമ്മുടെ ജനനത്തിന് ഉത്തരവാദിയാകുന്നത് എന്നാണ്. നമ്മുടെ നിലവിലുള്ള ജന്മത്തിന് മൂലകാരണം അവയാണ്. ഇതേപോലെ, ഈ ജന്മത്തിൽ നമ്മൾ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം സ്വരൂപിക്കപ്പെട്ട്, ഒരുമിച്ചുകൂടി, 'സഞ്ചിത കർമ്മം' ആയിത്തീരുന്നു. ഈ ജന്മത്തിൽ നമ്മൾ ചെയ്യുന്ന പ്രവൃത്തികളുടെ ഫലമാണ് സഞ്ചിതം, അതിന് അടുത്ത ജന്മത്തിലും അതിന്റെ പ്രഭാവം ഉണ്ടാവും. ഇതാണ് ശാസ്ത്ര ജ്ഞാനം(scriptural awareness) അഥവാ അവബോധം എന്നു പറയുന്നത്.




ഈ ശാസ്ത്രാവബോധം, രണ്ടാമത്തെ വീക്ഷണം, ഇതും ഉൾക്കൊള്ളുന്നു: നിങ്ങൾ സത്കർമ്മങ്ങൾ ചെയ്താൽ, മരണത്തിനു ശേഷം നിങ്ങൾ സ്വർഗത്തിലേക്ക് പോകും. നിങ്ങൾ ദുഷ്കർമ്മങ്ങളിലാണ് മുഴുകുന്നതെങ്കിൽ, തത്ഫലമായി നിങ്ങൾ നരകത്തിലേക്ക് പോയേ മതിയാകൂ. ശരി, ശരീരം ഇവിടെത്തന്നെ കത്തിക്കപ്പെടുന്നു. അത് ദഹിപ്പിക്കപ്പെടുന്നു, അത് പോകുന്നു, അഥവാ അടക്കം ചെയ്യപ്പെടുന്നു. അപ്പോൾ സ്വർഗത്തിലേക്ക് പോകുന്നത് എന്താണ്? നരകത്തിലേക്ക് പോകുന്നത് എന്താണ്? ശരീരം പൊയ്പോയി! ശരീരം ആവിഷ്കരണ മാധ്യമമാണ് എന്ന് നമുക്ക്

പറയാൻ സാധിക്കും. ആ മാധ്യമം ഇവിടെ ഉപേക്ഷിക്കപ്പെടുമ്പോൾ, എന്താണ് സ്വർഗത്തിലേക്ക് അഥവാ നരകത്തിലേക്ക് പോകുന്നത്?

ശാസ്ത്രം(scripture) പറയുന്നത് ഭൗതികശരീരം പോയിക്കഴിഞ്ഞു. സൂക്ഷ്മശരീരം(Subtle body), അതും പോകും. അത് ഭൗതികശരീരം വിട്ടു പോകും. അപ്പോൾ,




എന്താണീ സൂക്ഷ്മശരീരം? ഈ സൂക്ഷ്മശരീരത്തിന് രണ്ടു ഭാഗങ്ങളുണ്ട്: ഒന്ന് മനസ്സ് (mind), രണ്ടാമത്തേത് പ്രാണൻ(life force). അപ്പോൾ, ഇവ രണ്ടും, മനസ്സും പ്രാണനും, ചേരുന്നതാണ് സൂക്ഷ്മശരീരം. അന്ത്യത്തിൽ സൂക്ഷ്മശരീരം ഈ ഭൗതികശരീരം വിട്ടു പോകും. മരണശേഷം അത് പുറത്തു പോകും.

അത് എവിടെ പോകും? അത് എങ്ങനെയാണ് പോകുക? ശാസ്ത്രം പറയുന്നത് അത് ഒരു വേറിട്ട വേഷം, വിശേഷ സജ്ജീകരണം(special equipment) എന്നൊക്കെ നിങ്ങൾ പറയുന്നത്, സ്വന്തമാക്കും എന്നാണ്, ഒന്നുകിൽ സ്വർഗത്തിൽ അല്ലെങ്കിൽ നരകത്തിൽ പ്രവേശിക്കുന്നതിന്.

ചന്ദ്രനിൽ പോകുന്ന മനുഷ്യന് വിശേഷാൽ വേഷം ഉള്ളതുപോലെ, വിശേഷാൽ ഉപകരണം ഉള്ളതുപോലെ, അഥവാ സ്വന്തം വസ്ത്രം ഉള്ളതുപോലെ, അതേ രീതിയിൽ സ്വർഗത്തേക്ക് പോകുന്ന സൂക്ഷ്മശരീരത്തിന് ഒരു പ്രത്യേക ശരീരം ഉണ്ടായിരിക്കും, 'ഭോഗശരീരം' എന്നാണത് അറിയപ്പെടുക, 'ഭോഗം' എന്നാൽ സുഖം. അങ്ങനെ, സുഖത്തിന്റെ ഈ ശരീരം സൂക്ഷ്മശരീരത്തിന് നൽകപ്പെടുന്നു, അതിന് സ്വർഗത്തിലെ എല്ലാ സുഖങ്ങളും അനുഭവിക്കുന്നതിനായി. എന്നാൽ ഈ സൂക്ഷ്മശരീരത്തിന് നരകത്തിലേക്കാണ് പോവേണ്ടതെങ്കിൽ, അതിന് വേറിട്ട ഒരു ഡ്രസ്സ് അഥവാ വേഷം അഥവാ വസ്ത്രം അഥവാ ഒരു പ്രത്യേക മാധ്യമം നൽകപ്പെ



ടുന്നു, അതിനെ 'യാതനാ ശരീരം' എന്നാണ് വിളിക്കുക. 'യാതന' എന്നാൽ കഷ്ട പ്പാട്. അപ്പോൾ, ആ ശരീരവും കൊണ്ടാണ് ഒരുവൻ നരകത്തിലേക്ക് പോവുക.

അപ്പോൾ, ചോദ്യം ഉയരുന്നു ആരാണിവർക്ക് ഈ പുതിയ വേഷങ്ങൾ നൽകുക? സ്വർഗത്തിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ പോകാനും അവർക്കായി വിധിക്ക പ്പെട്ടിട്ടുള്ള അനുഭവങ്ങളിലൂടെ കടന്നുപോകാനും ഉള്ള ഈ പുതിയ സംവിധാനം ആരാണവർക്ക് കൊടുക്കുക? ആരാണിവ അവർക്ക് നൽകുക? ഉത്തരം ലളിതമാണ്. നിങ്ങൾ നിങ്ങളുടെ മാതാവിന്റെ ഗർഭപാത്രത്തിലായിരുന്നപ്പോൾ ആരാണോ നിങ്ങൾക്ക് രൂപം നൽകിയത്, അതേ ആൾ തന്നെ നിങ്ങൾക്ക് ഈ പുതിയ ശരീരവും തരും.

ഇത് ഈശ്വരത്വത്തെക്കുറിച്ച്, ഈശ്വരനെക്കുറിച്ച് ആണ്. നിങ്ങൾ നിങ്ങളുടെ മാതാ വിന്റെ ഗർഭപാത്രത്തിലായിരുന്നപ്പോൾ ഈശ്വരനാണ് നിങ്ങൾക്ക് രൂപം നൽകിയത്, അതേ ഈശ്വരൻ തന്നെ ഈ സൂക്ഷ്മശരീരത്തിന് സ്വർഗത്തിൽ ജീവിക്കാനുതകുന്ന വേഷം, 'ഭോഗശരീരം', തരും. ഇതുപോലെ, നരകത്തിൽ പ്രതീക്ഷിക്കാവുന്ന എല്ലാ വേദനകളിലൂടെയും പീഢകളിലൂടെയും കടന്നു പോകത്തക്ക വിധത്തിലുള്ള 'യാതനാശരീര'വും ഈശ്വരൻ തരും. ഇതാണ് ശാസ്ത്ര വീക്ഷണം, പര മ്പരാഗത വീക്ഷണം.




പക്ഷേ ഒരു കാര്യവും ഉറപ്പാണ്, അത് വളരെ വ്യക്തമായി ശാസ്ത്രങ്ങളിൽ പരാമർശിച്ചിട്ടുമുണ്ട്. സ്വർഗത്തിലെ അഥവാ നരകത്തിലെ ജീവിതം സ്ഥിരമല്ല. അവിടെ ഒരുവന് ഒരു നിശ്ചിത കാല ത്തേക്കു മാത്രമേ തങ്ങാനാവൂ. നിശ്ചയിക്കപ്പെട്ട അഥവാ പ്രത്യേക കാലപരിധി തീരുമ്പോൾ, ഒരുവൻ ഭൂമിയിലേക്ക് തിരികെ മടങ്ങണം, ഒരു മാതാവിന്റെ ഗർഭപാത്രത്തിലേക്ക് പ്രവേശിക്കണം. ഒരു നിശ്ചിത തീയതിക്കു ശേഷമാണിത് സംഭവിക്കുക, എന്തുകൊണ്ടെന്നാൽ സ്വർഗത്തിലെ അഥവാ നരകത്തിലെ ജീവിതം സ്ഥിരമല്ല. അതൊരു നിശ്ചിത കാലയളവിലേക്കു മാത്രമാണ്. പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആളിന് അവിടെ 5 കൊല്ലമേ നിൽക്കാനാവൂ എന്നതുപോലെയാണിത്. അതിനു ശേഷം അയാൾക്ക് തന്റെ സ്ഥല ത്തേക്ക് മടങ്ങണം. അത്രേയുള്ളൂ. അതുപോലെ, എല്ലാ ആത്മാക്കളും സ്വർഗ ത്തിൽനിന്ന് അഥവാ നരകത്തിൽനിന്ന് ഭൂമിയിലേക്ക് തിരികെ വരുന്നു. ഇതാണ് ശാസ്ത്രീയ വീക്ഷണം.

എന്നാൽ ആർക്കും തീർച്ചയില്ലാത്ത ചോദ്യം ഇതാണ്: ചിലർ പറയുക ഈ ജന്മ ത്തിലെ സന്തോഷം തന്നെയാണ് ശരിക്കുള്ള സ്വർഗം എന്നാണ്. ഈ ജന്മത്തിലെ ദുരിതം തന്നെയാണ് ശരിക്കുള്ള നരകം. അപ്പോൾ, അങ്ങകലെയുള്ള സ്വർഗവും നര




കവും എന്തു പ്രശ്നം? അങ്ങനെയുള്ളപ്പോൾ, സൂക്ഷ്മശ രീരത്തെ ആ മണ്ഡലങ്ങളിലേക്ക് കൊണ്ടുപോവുകയെന്നത് സത്യമോ? അതാണ് ഈ ശാസ്ത്രപരമായ വീക്ഷണത്തിനെ തിരായ ചോദ്യം.

ഇനി, ചില ആളുകൾ പറയുക ടി.വി.യിലെപ്പോലെ നിങ്ങൾ ഒരുതരം ബ്രേക്ക് എടുക്കുകയാണെന്നാണ്; അതുപോലെ, ഒരു ജന്മത്തിനും അടുത്ത ജന്മത്തിനുമിടയ്ക്ക്, ഒരു ഇടവേളയുണ്ടാവും, സൂക്ഷ്മശരീരത്തിൽ സ്വർഗത്തിലേക്ക് അഥവാ നരകത്തിലേക്ക് ഒരു നിശ്ചിത കാലത്തേക്ക് യാത്ര ചെയ്യുന്നതു പോലെ. അതൊരു ഇടവേളയാണ്, എന്തുകൊണ്ടെന്നാൽ ഒരുവൻ, അവന്റെ അടുത്ത ജന്മം, അവന്റെ പൂർവജന്മ വാസനകൾ, പ്രവണതകൾ, മുദ്രകൾ അനുസരിച്ച്, നേരത്തേ പറഞ്ഞതുപോലെ, വീണ്ടും ഭുമിയിലേക്ക് മടങ്ങണം. ഇത് വ്യക്തമായെന്ന് ഞാൻ കരുതുന്നു.



ഏറ്റവും അവസാനമായി മൂന്നാമത്തെ വീക്ഷണം വരുന്നു, അത് വേദാന്തത്തിന്റെ അഥവാ ആദ്ധ്യാത്മികതയുടെ കാഴ്ചപ്പാടാണ്. വേദാന്തം നിരീശ്വരവാദിയുടെ വീക്ഷണവും അതുപോലെ രണ്ടാമത്തെ പ്രമാണപരമായ വ്യാഖ്യാനവും(scriptural interpretation) പൂർണമായും, പാടേ, നിരാകരിക്കുന്നു. വേദാന്തം ഈ രണ്ട് വീക്ഷണങ്ങളെയും എതിർക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. എങ്ങനെ? ഇതാണാ മാർഗം: വേദാന്തം പറയുന്നത് ജനനമോ മരണമോ ഇല്ല എന്നാണ്. ജനനം എന്നൊന്ന് ഇല്ല, മരണവും ഇല്ല. ഇതു രണ്ടും നിങ്ങളുടെ ഭാവന മാത്രമാണ്, നിങ്ങ ളുടെ തോന്നലാണ്. അവയ്ക്ക് അസ്തിത്വമില്ല, അതുകൊണ്ടവ പൂർണമായും വ്യാജ




മാണ്.

അപ്പോൾ, എന്താണ് സത്യം? സത്യമെന്നത് ആ അവിരാമമായ, അനശ്വരമായ, ശാശ്വതമാ യ, അമൃതമായ, കളങ്കരഹിതമായ, ശുദ്ധമായ ദിവ്യത്വം ആകുന്നു, ആ കേവല പ്രജ്ഞാബോധം(absolute

consciousness)മാത്രമാകുന്നു ഒരേയൊരു സത്യം. അതാകുന്നു ഉണ്മ. അതാകുന്നു സർവതും. സത്യമാകുന്ന ആ ഉണ്മ, ജനനമായും മരണമായും പ്രത്യക്ഷമാകുന്നു. അവ ആവിർഭാവങ്ങൾ(appearances) മാത്രം. ഈശ്വരൻ മാത്രമാണ് സത്യം. ജനനവും മരണവും ആവിർഭാവങ്ങൾ മാത്രമാകുന്നു.

എങ്ങനെ? സമുദ്രം ഈശ്വരനെ സൂചിപ്പിക്കുന്നു. തിരകൾ ജനനത്തെ പ്രതിനിധീകരിക്കുന്നു, നുരയും മറ്റുള്ളവയും മരണത്തെ പ്രതിനിധീകരിക്കുന്നു. തിര എന്നത് യാഥാർത്ഥ്യമല്ല. തിര സമുദ്രത്തിൽനിന്ന് വേറിട്ടതല്ല. നീർക്കുമിളകൾ സമുദ്രത്തിൽനിന്ന് വേറിട്ടതല്ല. ഉള്ളടക്കത്തിൽ, അവ സമുദ്രത്തിന്റെ അതേ സാമഗ്രിയാൽത്തന്നെ നിർമ്മിതമാണ്, അത് വെള്ളം മാത്രമാണ്. അപ്പോൾ, നാം ഉള്ളിലേക്കിറങ്ങി അന്വേഷിച്ചാൽ നമുക്കറിയാൻ പറ്റും, ഗുണത്തിലും സത്തയിലും, അതൊക്കെ ജലം മാത്രമാണ്. തിരകൾ ഉയരുകയും താഴുകയും ചെയ്യുന്നു. നുരകളും അടങ്ങുന്നതായി നാം ശ്രദ്ധിക്കുന്നു, എന്നാൽ സമുദ്രം സ്ഥിരമായി നിലനിൽക്കുന്നു.



അപ്പോൾ, സ്ഥിരമായി നിലനിൽക്കുന്നതെന്തോ അത് ഈശ്വരനാണ്, അതേസമയം തിരകളും നുരകളും മറ്റെല്ലാ കാര്യങ്ങളും ആവിർഭാവങ്ങളും അവ അസത്യങ്ങളും മിത്തും മായയും ഇല്ലാത്തതും ഭ്രമവും നിങ്ങളുടെ സ്വന്തം കല്പനയുമാണ്. മറ്റൊന്നുമല്ല! അപ്പോൾ, മരണവുമില്ല, ജനനവുമില്ല. ഒരു കാര്യം മാത്രമേയുള്ളൂ, അത് നൈരന്തര്യത്തിന്റെ നിത്യതയാണ്(eternity to continuity). അത്ര മാത്രം. ഇതാണ് വേദാന്ത വീക്ഷണം അഥവാ അദ്വൈത വീക്ഷണം.

അതുകൊണ്ട്, ആളുകൾ മരണത്തെ വളരെയധികം ഭയപ്പെടുന്നതുകൊണ്ടാണ് അവർ വിഭിന്നങ്ങളായ ആചാരങ്ങളിലേക്ക് തിരിയുന്നത്. അവർ ആശിക്കുന്ന ഒരു കാര്യം എന്താണെന്നു വച്ചാൽ,



കുറേക്കൂടി നല്ല ഒരു ലോകത്തേക്ക്, ബ്രഹ്മലോകം, സത്യലോകം, സ്വർഗം, വൈകുണ്ഠം, കൈലാസം പോലെ, അവർക്ക് പോവണം എന്നാണ്. അതുകൊണ്ട്, കുറേക്കൂടി മെച്ചപ്പെട്ട ഒരു ലോകത്തിന്റെ പ്രതീക്ഷയിൽ അവർ അനുഷ്ഠാനങ്ങൾ(rituals) ചെയ്യുന്നു. കൂടാതെ, ഈ യജ്ഞങ്ങളും യാഗങ്ങളും കുറേക്കൂടി മെച്ചപ്പെട്ട ഒരു ജീവി

തം, ഇതിനുശേഷമുള്ള ജീവിതം ലഭിക്കാൻ തങ്ങളെ സഹായിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

വ്യക്തമായും സ്ഥാപിതമായിട്ടുള്ളതുപോലെ, ഒരുവന് വീണ്ടും വീണ്ടും ജനിക്കണം. കുറഞ്ഞത് അവർക്ക് പ്രതീക്ഷിക്കാനുള്ളത് കുറേക്കൂടി മെച്ചമുള്ള, കൂടുതൽ സൗകര്യങ്ങളുള്ള, ആർഭാടമുള്ള, സന്തോഷകരമായ, ആരോഗ്യകരമായ ജീവിതമാണ്. അതുകൊണ്ടാണ് അവരീ കാര്യങ്ങൾ ചെയ്യുന്നത്. മറ്റു രീതിയിൽ പറഞ്ഞാൽ, പൂർവ കർമങ്ങൾ കാരണമാണ് അവരിതിൽക്കൂടിയൊക്കെ കടന്നുപോവുന്നത് എന്ന് ബോധ്യമുണ്ടെങ്കിലും, സത്കർമങ്ങൾ അഥവാ പ്രവൃത്തികൾ ചെയ്ത് അവരത് റദ്ദാക്കാൻ ആഗ്രഹിക്കുന്നു, അടുത്ത തവണ അവർക്ക് കുറേക്കൂടി നല്ല ജീവിതം കിട്ടുമെന്ന് ആഗ്രഹിച്ചുകൊണ്ട്.

അങ്ങനെ, 3 വീക്ഷണങ്ങൾ ഇതൊക്കെയാണ്-നിരീശ്വര വീക്ഷണം, ആദ്ധ്യാത്മിക വീക്ഷണം, പിന്നെ വേദാന്ത വീക്ഷണം.
അപ്പോൾ, എന്താണിനി ചെയ്യേണ്ടത്? പരമമായ തത്വശാസ്ത്രം, പരമമായ ആദ്ധ്യാത്മിക സത്യം എന്നത് വേദാന്തമാകുന്നു. എന്നാൽ നമുക്ക് വിഭിന്ന തരം ആളുകളുള്ളതിനാൽ, ചിലർക്ക് ഒരു വീക്ഷണം അഥവാ ഒരു സമീപനം മാത്രമേ മനസ്സിലാകൂ. മറ്റൊരുവന് ആ തലത്തിൽനിന്ന് കൂടുതലായി ഉയരാൻ കഴിയില്ലെന്നുവരാം. അപ്പോൾ ആളുകൾ അവരവരുടെ ധാരണയ്ക്ക്, ഗ്രഹണശക്തിക്ക്, അവരുടെ അവബോധ തലത്തിന് അനുസൃതമായി ഈ വീക്ഷണഗതികൾ സ്വീകരിച്ചേക്കാം.




അതുകൊണ്ട്, നമ്മൾ ശങ്കര അദ്വൈതമാണ് പിന്തുടരുക എന്തുകൊണ്ടെന്നാൽ സ്വാമി എല്ലായ്പോഴും ഈ അദ്വൈതത്തിന്റെ വക്താവായിരുന്നു, ചുരുങ്ങിയത് അവിടുത്തെ ജീവിതത്തിന്റെ അവസാനത്തെ 15 മുതൽ 20 വരെ വർഷങ്ങളിൽ. അത് കേവലമായി വേദാന്തപരമായിരുന്നു.



സത്യം ഒന്ന് മാത്രം-സ്വാമി പ്രശാന്തിനിലയം പോർട്ടിക്കോയിൽ 13 ജൂലൈ 2000

ഈ പ്രഭാഷണത്തിൽ ഈ മൂന്ന് വീക്ഷണങ്ങൾ അഥവാ സമീപനങ്ങൾ നിങ്ങളുടെ അറിവിലേക്കായി നിങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കാനാണ് ഞാൻ ആഗ്രഹിച്ചത്.

നിങ്ങളുടെ സമയത്തിന് നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)